പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .7

04.02.2013-ൽ മറുപടിക്ക്

# ട്രോളിംഗ് നിരോധനം റദ്ദാക്കൽ

**ചോദ്യം**

ശ്രീ. ബി. സത്യൻ
,, എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി

(എ) കേരള തീരത്ത് മത്സ്യസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനായി നടപ്പാക്കിവരുന്ന വർഷകാല ട്രോളിംഗ് നിരോധനം ഉപേക്ഷിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഗവേഷകരും സംഘടനാ പ്രതിനിധികളും ഉൾപ്പെടെ ആരെങ്കിലും സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു പഠനത്തിന് നിർദ്ദേശം ലഭിച്ചത് എവിടെ നിന്നാണ്;

**ഉത്തരം**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) കേരളതീരത്ത് മത്സ്യസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനായി നടപ്പാക്കി വരുന്ന വർഷകാല ട്രോളിംഗ് നിരോധനം ഉപേക്ഷിക്കുന്നതിന് ഉദ്ദേശമില്ല.

(ബി) 1988 മുതൽ കേരള തീരത്ത് നടപ്പിലാക്കി വരുന്ന വർഷകാല ട്രോളിംഗ് നിരോധനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് പഠിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

കേരളത്തിന്റെ മത്സ്യസമ്പത്ത്/ ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയിൽ ചുവടെ ചേർക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

1) ഫിഷറീസ് അഡീഷണൽ ഡയറക്ടർ - ചെയർമാൻ

2) ഡോ.കെ.സുനിൽ മുഹമ്മദ് പ്രിൻസിപ്പൽ സയന്റിസ്റ്റ്, സി.എം.എഫ്.ആർ.ഐ. കൊച്ചി - മെമ്പർ

3) ഡോ.പി.പ്രവീൺ, സീനിയർ സയന്റിസ്റ്റ്, സിഫ്റ്റ്, കൊച്ചി - മെമ്പർ

4) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഹെ.ക്വാ) - മെമ്പർ

5) ലാ ആഫീസർ, ഫിഷറീസ് ഡയറക്ടറേറ്റ് - മെമ്പർ

6) ശ്രീ. സഹദേവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ - മെമ്പർ

7) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മറൈൻ) - കൺവീനർ

ടി സമിതിയിൽ മത്സ്യമേഖലയിലെ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. 2012-ലെ ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നത് സംബന്ധിച്ച് - 2012 മെയ് 15-ാം തീയതി നടത്തിയ മീറ്റിംഗിൽ പങ്കെടുത്ത പ്രതിനിധികൾ ആവശ്യപ്പെട്ടതനുസരിച്ച് ട്രോളിംഗ് നടപ്പിലാക്കുന്നതിന്റെ പാർശ്വ ഫലങ്ങൾ/ മത്സ്യശോഷണം എന്നിവ പഠിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയാണുണ്ടായത്.

(സി) വിദേശകപ്പലുകൾക്കും ട്രോളറുകൾക്കും വേണ്ടി വർഷകാല ട്രോളിംഗ് നിരോധനം ഉപേക്ഷിക്കുന്നതിനായിട്ടാണ് സമിതിയെ നിയോഗിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് മുമ്പും ശേഷവുമുള്ള മത്സ്യസമ്പത്തിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ: വിശദമാക്കാമോ ?

(ഡി) 1988 ലാണ് ട്രോളിംഗ് നിരോധനം നടപ്പിൽ വരുന്നത്. ട്രോളിംഗ് നിരോധനം നടപ്പിലായതിനുശേഷം പഠനം നടന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടൽ മേഖലയിൽ ഏർപ്പെടുത്തിവരുന്ന ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിരുന്ന സമിതി സമർപ്പിച്ച റിപ്പോർട്ടിൽ ട്രോളിംഗ് നിരോധനം മത്സ്യസമ്പത്തിനെയും ആവാസവ്യവസ്ഥയെയും ആരോഗ്യകരമായി നിലനിർത്തുന്നതിന് സഹായമായിട്ടുണ്ടെന്നും ട്രോളിംഗ് നിരോധനത്തിന്റെ ഫലമായി പ്രതിവർഷം ശരാശരി സമുദ്ര മത്സ്യോല്പാദനം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന്

മുമ്പുള്ള കാലഘട്ടത്തിലെ 3.3 ലക്ഷം ടണ്ണിൽ നിന്നും 5.7 ലക്ഷം ടണ്ണായി നിരോധനകാലയളവിൽ ഉയർന്നിട്ടുണ്ടെന്നും ഇത്തരത്തിൽ ശരാശരി വാർഷിക വിറ്റ് വരവ് നിരോധനത്തിനു മുമ്പ് 446 കോടി രൂപയായിരുന്നത് അവസാന കാലഘട്ടത്തിൽ 2198 കോടി രൂപയായി വർദ്ധിച്ചു എന്നും അതുപോലെ ഈ കാലയളവിൽ കേരളത്തിന്റെ മത്സ്യകയറ്റുമതി വരുമാനം 126 കോടി രൂപയിൽ നിന്നും 1040 കോടി രൂപയായി വർദ്ധിച്ചു എന്നും കണ്ടെത്തിയിട്ടുണ്ട്.

Jayasree

സെക്ഷൻ ഓഫീസർ